അദ്ദേഹം അതിനെക്കുറിച്ച് അന്വേഷിച്ച് ബാക്ടീരിയലായിട്ടുള്ള മെനഞ്ചൈറ്റീസാണ്. എൻസഫലിറ്റിസ് ആണ് ജപ്പാൻ ജ്വരമല്ലെന്ന് വ്യക്തമായി പറഞ്ഞിരുന്നു. പക്ഷേ ജപ്പാൻ ജ്വരത്തിന്റെ ഇപ്പോഴത്തെ സ്ഥിതി നോക്കുകയാണെങ്കിൽ അതിന്റെ റേറ്റ് വളരെ കുറഞ്ഞിരിക്കുന്നു. പുതിയ കേസുകളും വളരെ അപൂർവ്വമായി ചിലയിടത്ത് വരുന്നു എന്നതൊഴിച്ചാൽ സ്ഥിതിഗതികളും പൂർണ്ണമായും നിയന്ത്രണാധീനമാണെന്ന കാര്യം പ്രത്യേകം അറിയിക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് ഉടനെ തന്നെ നടപടികളും സ്വീകരിച്ചു. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും മറ്റു ലോക്കൽ ബോഡീസിന്റെയും സഹകരണത്തോടെ നടത്തിയ പരിശ്രമങ്ങൾക്ക് ഒരു ഫലമുണ്ടായിയെന്ന കാര്യം ഞാൻ പ്രത്യേകം പറയുകയാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞങ്ങളും പങ്കെടുത്ത ഒരു കോൺഫറൻസിൽ ജപ്പാൻ ജ്വരമാണെന്ന് ഡി. എം. ഒ. തന്നെ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളും അവിടെ കുറെ ക്രമീകരണങ്ങളും ചെയ്തു. പക്ഷേ റിപ്പോർട്ട് തിരിഞ്ഞുപോയതിനെക്കുറിച്ച അന്വേഷിക്കുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. എം. സുധീരൻ) : ആ കാലത്ത് വന്നിരുന്ന മിക്ക കേസുകളും ജപ്പാൻ ജ്വരമാണെന്നുള്ള നിഗമനത്തിൽ നോക്കിയിരുന്നു. പിന്നെ പൂനയിൽനിന്ന് അതിന്റെ ഡയറക്ടർ ഡോക്ടർ കല്യാൺ ബാനർജി വന്നപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയി രോഗികളുടെ സ്ലൈഡ് കൊണ്ടുപോയി പരിശോധിച്ച് റിസൾട്ട് തന്നിരുന്നു. ഇതുമാത്രമല്ല 51 കേസുകളും പൂനയിൽ പരിശോധിച്ചതിൽ 21 കേസുമാത്രമാണ് ജപ്പാൻ ജ്വരമാണെന്ന് റിപ്പോർട്ട് വന്നിട്ടുള്ളത്.

(7) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, നമ്മുടെ സംസ്ഥാനത്ത് ജനങ്ങളെ തീറ്റിപ്പോറ്റുന്ന കാര്യത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരാണ് കേരളത്തിലെ നെൽക്കൃഷിക്കാർ. എന്നാൽ നെൽക്കൃഷിക്കാരന് അവൻ ഉണ്ടാക്കുന്ന നെല്ലിന് വില കിട്ടാതെ വളരെയധികം വിഷമിക്കുകയാണ്. വർദ്ധിച്ചു വന്നിട്ടുള്ള കാർഷികോൽപ്പാദനച്ചെലവും ജീവിതച്ചെലവും കണക്കാക്കി നെല്ലിന് ആദായമായ വില നിശ്ചയിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ രാജ്യത്തെ മുഖ്യ ആഹാരമാണ് അരി. ഇന്ന് നെല്ലിന്റെ ഉൽപ്പാദനം നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നെല്ലുൽപാദിപ്പിക്കുന്ന ഭൂമിയുടെ അളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന് പ്രധാന കാരണം നെൽക്കൃഷി ലാഭകരമല്ലെന്നുള്ളത് തന്നെയാണ്. ഇപ്പോൾ കൊയ്ത്തു സീസനാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് അയൽ സംസ്ഥാനങ്ങളിൽനിന്നും പാവപ്പെട്ട കൃഷിക്കാരെ പറ്റിക്കാൻവേണ്ടി ആളുകൾ വന്നിട്ടുണ്ട്. പവർക്കട്ടുമൂലം നമ്മുടെ സംസ്ഥാനത്തെ മില്ലുകാർ ഇപ്പോൾ നെല്ല് എടുക്കുന്നില്ല. ഇവിടത്തെ മില്ലുകാർ നെല്ല് എടുക്കാത്ത അവസ്ഥ അയൽ സംസ്ഥാനക്കാർ മനസ്സിലാക്കി ഏറ്റവും ചുരുങ്ങിയ വില നൽകി ഈ പാവപ്പെട്ട നെൽക്കൃഷിക്കാരെ ചൂഷണം ചെയ്യാൻ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന മണ്ണിന്റെ മക്കളായ അവരെ നിലനിറുത്താൻ, കാർഷികമേഖലയെ രക്ഷിക്കാൻ നെല്ലിന് ആദായകരമായ വില നിശ്ചയിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ) : സർ, കാർഷിക വിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്രഗവൺമെൻറാണ്. ഇപ്പോൾ നെല്ലിന് കേന്ദ്ര ഗവൺമെൻറ് താങ്ങുവിയ പ്രഖ്യാപിച്ചിട്ടുണ്ട്.ആ താങ്ങുവില ക്വിൻറലിന് 360 രൂപ മാത്രമാണ്. പക്ഷേ കേരളത്തിലെ ഓപ്പൺ മാർക്കറ്റിൽ നെല്ലിൻെറ വില ഇപ്പോൾത്തന്നെ ക്വിൻറലിന് 500 രൂപയിൽ കൂടുതലാണ്. ഈ പ്രത്യേക സാഹചര്യത്തിൽ നെല്ലിന് ഇനിയും താങ്ങുവില കൂട്ടി നിശ്ചയിക്കുകയെന്നുള്ളത് വളരെ പ്രായോഗികമാണെന്ന് തോന്നുന്നില്ല. അതുപോലെ തന്നെ നെല്ലുൽപ്പാദനത്തിൽ കേരളം ഒരു കമ്മി സംസ്ഥാനമായതു കൊണ്ട് താങ്ങുവില സമ്പ്രദായത്തിലൂടെ നെല്ല് സംഭരണം ആവശ്യമായി വരുന്നുമില്ല. പ്രധാനപ്പെട്ട നെല്ലുൽപ്പാദന ജില്ലകളായ പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ കൃഷിക്കാരെ സഹായിക്കാനും ന്യായമായ വില അവർക്ക് ഉറപ്പുവരുത്താനും വേണ്ടി സഹകരണ സംഘങ്ങൾവഴി നിലവിലുള്ള വിലയെക്കാൾ ഉയർന്ന വില നൽകിക്കൊണ്ട് കൊയ്ത്തുകാലത്ത് നെല്ലുസംഭരണം നടത്തുന്നുണ്ട്. നെല്ല് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാനും നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ പല നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. അതിലൊന്ന് മൂന്ന് പൂവിനും വിളയിറക്കിയിട്ടുള്ള കൃഷിക്കാർക്ക് ഹെക്ടർ ഒന്നിന് 250 മുതൽ 750 രൂപവരെ പ്രതിവർഷം ഉൽപ്പാദന പ്രോൽസാഹനമായി നൽകിവരുന്നുണ്ട്. അതു ഗ്രൂപ്പ് ഫാമിംഗ് സമിതികൾ വഴിയാണ് നൽകുന്നത്. അതു ഉൽപ്പാദന പ്രോൽസാഹനമായി നൽകാൻ നോൺ പ്ലാനിൽ 9 കോടി രൂപയും നെല്ല് സംഭരിക്കുന്നതിനുള്ള സഹായത്തിനായി പ്ലാനിൽ ആറര കോടി രൂപയും ഈ വർഷം നീക്കിവച്ചിട്ടുണ്ട്. നെൽകൃഷിക്ക് ഉപയോഗിക്കുന്ന ഫെർട്ടിലൈസറിൻെറ വില 1-8-1995 മുതൽ സൗജന്യമാക്കിയിട്ടുണ്ട്. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമിതികൾവഴി ചെലവിൻെറ 85% ധനസഹായം ഗവൺമെൻറ് നൽകിവരുന്നുണ്ട്. ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയവ 50% സബ്സിഡി നിരക്കിൽ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കു കൊടുക്കുന്നുണ്ട്. ജൈവവളം, കമ്പോസ്റ്റ് വളം നിർമ്മാണം തുടങ്ങിയവ കൂടുതൽ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. ഇതൊക്കെ ഉൽപാദന ചെലവ് കുറച്ചുകൊണ്ടുവരാൻവേണ്ടി സർക്കാർ ചെയ്യുന്നതാണ്. നെൽക്കൃഷിക്കാർക്ക് ന്യായമായ വില ഉറപ്പുവരുത്താനും ചെലവ് കുറയ്ക്കാനും ഇത് സഹായിക്കും. നെല്ലിനു വില വളരെ കൂടിയാൽ സംസ്ഥാനത്ത് ഭൂരിപക്ഷം പേരും അരി വാങ്ങി കഴിക്കുന്നവരായതുകൊണ്ട് ബുദ്ധിമുട്ടു വരും.

(8) മായന്നൂർ കോസ്വേ നിർമ്മാണം

ശ്രീ. എം. പി. താമി : സർ, മായന്നൂർ കോസ്വേ നിർമ്മിക്കണമെന്ന് 1991-മുതൽ ഞാൻ ഈ നിയമസഭയിൽ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതു വളരെ പ്രാധാന്യമുള്ളതാണ്. തൃശ്ശൂർ പാലക്കാട് ജില്ലകളേയും മലപ്പുറം ജില്ലയുമായും ബന്ധിപ്പിക്കുന്ന മായന്നൂർ എന്ന ഭാഗത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു കോസ്വേ നിർമ്മിക്കണമെന്നുള്ള ആഗ്രഹം ആ പ്രദേശത്തുള്ള മുഴുവൻ ജനങ്ങൾക്കും ഒറ്റപ്പാലം, തലപ്പള്ളി താലൂക്കുകളിലെയും മുഴുവൻ ആളുകൾക്കുമുണ്ട്. അതു ഞാൻ ഈ നിയമസഭയിൽ 1991 സെപ്റ്റംബർ മാസത്തിൽസബ്മിഷനായി അവതരിപ്പിച്ചു. അന്നത്തെ വകുപ്പുമന്ത്രി ശ്രീ. പി. കെ. കെ. ബാവ തന്ന മറുപടി ചേലക്കര, ഒറ്റപ്പാലം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിന് മായന്നൂർ എന്ന സ്ഥലത്ത് ഭാരതപ്പുഴയിൽ ഒരു കോസ്വേ നിർമ്മിക്കുന്നതിന് 375 ലക്ഷം രൂപ ചെലവു വരുന്ന എസ്റ്റിമേറ്റ് സെൻട്രൽ

LIBRARY ARCHIVES Kerala Legislative Assembly